പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 142

26.02.2018-ൽ മറുപടിയ്ക്ക്

## കച്ചേരിത്താഴം പുതിയ പാലത്തിനു സമീപമുണ്ടായ വാഹനാപകടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പിറവം നിയോജക മണ്ഡലത്തിലെ രാമമംഗലം കരയിൽ കച്ചേരിത്താഴം പുതിയപാലത്തിനു സമീപം 20.10.17-ന് ഉണ്ടായ വാഹനാപകടം സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; കേസ് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; | (എ) | പിറവം നിയോജക മണ്ഡലത്തിലെ രാമമംഗലം കരയിൽ 20.10.17 തീയതി വാഹനാപകടം ഉണ്ടായതായി രാമമംഗലം പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ കച്ചേരിത്താഴം പുതിയപാലം എന്ന സ്ഥലത്ത് 26.10.2017 തീയതി രാവിലെ 6.45 മണിക്ക് 2 മോട്ടോർ സൈക്കിളുകൾ തമ്മിൽ കൂട്ടിയിടിച്ച് അപകടം ഉണ്ടായതിന് മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ ക്രൈം. 4112/17 u/s 279,337,338 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 27.12.2017 തീയതി കുറ്റപത്രം ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത വാഹനാപകടത്തിന് കാരണക്കാരനായ ടിപ്പർ ലോറി ഡ്രൈവറുടെ പേരിൽ കേസെടുത്തിട്ടുണ്ടോയെന്നറിയിക്കുമോ ; | (ബി) | കേസ്സെടുത്തിട്ടില്ല. മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ ക്രൈം. 4112/17 നമ്പർ കേസിന്മേൽ നടത്തിയ അന്വേഷണത്തിൽ അപകടത്തിന് കാരണമായി പറയുന്ന ടിപ്പർ ലോറി ഈ സംഭവത്തിൽ ഉൾപ്പെട്ടിട്ടില്ലാ എന്നും അപകടം നടന്ന സമയം ടിപ്പർ ലോറി അതുവഴി പോയതായി ആരും കണ്ടിട്ടില്ല എന്നും അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | അപകടത്തിനിരയായ ബൈക്ക് ഓടിച്ചിരുന്ന വ്യക്തിയെ പ്രതിയാക്കിയിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത നടപടി പുനഃപരിശോധിച്ച് ശരിയായ അന്വേഷണം നടത്തി അപകടത്തിനിരയായവർക്ക് നീതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ ? | (സി) | ബൈക്ക് ഓടിച്ചിരുന്ന വ്യക്തിയെ പ്രതിയാക്കി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സിലെ പ്രതിയുടെ സുഹൃത്ത് അന്വേഷണത്തിൽ അപാകതയുണ്ടെന്ന് കാണിച്ച് പരാതി നൽകിയിട്ടുള്ളതിനാൽ ടി കേസ്സ് 173(8) CrPC പ്രകാരം പുനരന്വേഷണത്തിന് ജില്ലാ പോലീസ് മേധാവിയുടെ 15.03.2018-ലെ ഡി2/15772/2018 ഉത്തരവ് പ്രകാരം മൂവാറ്റുപുഴ എസ്.എച്ച്. ഒ-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ